ഒരു ആര്യസമാജം പ്രസിദ്ധീകരണം
Date of Publication 10/09/2015

RNI NO. KERMAL /2013/53849
REGISTERED NO. OTTAPALAM/5/2014-16

**കോതമംഗലം വാസുദേവൻ നമ്പൂതിരി കേരളീയ വേദാലാപനത്തെ കുറിച്ച് ക്ലാസെടുക്കുന്നു**



**ശിബിരത്തിന്റെ സമാപനചടങ്ങിൽ ഡോ.പി.കെ. മാധവൻ സംസാരിക്കുന്നു**



*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*

*Email: dayanandasandesam@gmail.com* *Phone: 9562529095*



ओ३म्

# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*

**വൈദിക – ദാർശനിക മാസിക**

**DAYANANDA SANDESAM**

ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!



പുസ്തകം : 3 ലക്കം 3

വേദ സൃഷ്ടി സംവത്സരം 1972949116 കലിവർഷം 5117 ശ്രാവണം – ഭാദ്രപദം
1191 ചിങ്ങം – കന്നി 2015 സെപ്റ്റംബർ

വാർഷിക വരിസംഖ്യ: ₹ 60/- ദീർഘകാലം: ₹1000/-



## ഡോ. എ.പി.ജെ. അബ്ദുൾ കലാം (1931 – 2015)

**ഭാരത ചരിത്രത്തിൽ ഈ മാസം ഓർമ്മിക്കപ്പെടേണ്ട പ്രധാന ദിനങ്ങൾ**

**സെപ്തംബർ 5 – ശ്രീകൃഷ്ണജയന്തി**
**സെപ്തംബർ 21 – ശ്രീനാരായണഗുരു സമാധി**

*"മാനവരെല്ലാം ആര്യന്മാർ!*
*വേദജ്ഞാനം ഈശ്വരദത്തം!*
*സേവനമല്ലോ നമ്മുടെ ധർമ്മം! "*

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം



**മണ്ഡലം 1 സൂക്തം 4**

*മധുച്ഛന്ദാ ഋഷിഃ ഇന്ദ്രോ ദേവതാ നിച്യദ് ഗായത്രീച്ഛന്ദഃ ഷഡ്ജഃ സ്വരഃ*

**യോ രായോ॑ഽവനിര് മഹാന്ത് സുപാരഃ സുന്വതഃ സഖാ |**

**തസ്മാ ഇന്ദ്രായ ഗായത ||**

*(ഋഗ്വേദം 1.4.10)*

**പദാർത്ഥം:** അല്ലയോ പണ്ഡിതന്മാരായ മനുഷ്യരേ! ആരാണോ വലിയവരിൻ വലിയവനും (സുപാരഃ) നല്ലവണ്ണം എല്ലാ കാമനകളേയും പൂർണ്ണമാക്കുന്നവനും (സുന്വതഃ) നേടിയ സോമവിദ്യയറിയാവുന്ന ധർമ്മാത്മാവായ പുരുഷനെ (സഖാ) മിത്രഭാവത്താൽ സുഖം നൽകുന്നുവനും (രായഃ) വിദ്യ, സുവർണ്ണാദി ധനങ്ങളുടെ (അവനിഃ) രക്ഷകനും ആവശ്യമുള്ള പദാർത്ഥങ്ങളെ ജീവാത്മാക്കൾക്ക് നൽകുകയും ചെയ്യുന്ന കരുണാമയനുമായ പരമേശ്വരനെ (തസ്മൈ) നിങ്ങൾ (ഗായത) നിത്യവും പൂജിച്ചാലും

**ഭാവാർത്ഥം:-** ഓരോ മനുഷ്യരും പരമേശ്വരന്റെ സ്തുതി ചെയ്യുന്നതിൽ മാത്രം സന്തോഷം കണ്ടെത്താതെ അദ്ദേഹത്തിന്റെ ആജ്ഞക്കനുസരിച്ച് ജീവിച്ച് പരമേശ്വരൻ തന്നെ എല്ലായിടത്തുനിന്നും വീക്ഷിക്കുന്നു എന്നറിഞ്ഞ് അധർമ്മപ്രവൃത്തികളിൽ നിന്ന് മാറിനിന്ന് പരമേശ്വരന്റെ സഹായത്തെ ആഗ്രഹിച്ച് നിരന്തരം കഴിയണം.

മൂന്നാമത്തെ സൂക്തത്തിൽ പറഞ്ഞ വിദ്യകളാൽ ധർമ്മാക്കളായ പുരുഷന്മാർക്ക് പരമേശ്വരന്റെ ജ്ഞാനം സിദ്ധിക്കുകയും അങ്ങിനെ ആത്മാവും ശരീരവും സ്ഥിരഭാവത്തിൽ വന്ന് ആരോഗ്യപ്രാപ്തിയും ദുഷ്ടന്മാരെ ജയിക്കുകയും പുരുഷാർത്ഥത്താൽ ചക്രവർത്തി രാജ്യം നേടുകയും തുടങ്ങിയുള്ള അർത്ഥങ്ങളെ ഉൾക്കൊണ്ടുകൊണ്ട് നാലാമത്തെ സൂക്തത്തിന്റെ താൽപര്യം മനസ്സിലാക്കണം.

ആര്യാവർത്തനിവാസിയായിരുന്ന സായണാചാര്യരും യൂറോപ്പ് ഖണ്ഡവാസിയായിരുന്ന അധ്യാപകൻ വിൽസൺ തുടങ്ങിയവരും ഈ സൂക്തത്തിന്റെ വ്യാഖ്യാനം തെറ്റായാണ് നൽകിയിരിക്കുന്നത്. ഇവിടെ അവയെകുറിച്ച് വിവരിക്കുന്നത് വ്യർത്ഥമാണ്.

നാലാം സൂക്തം സമാപിച്ചു

*(മഹർഷി ദയാനന്ദ സരസ്വതിയുടെ ഋഗ്വേദ ഭാഷ്യത്തിൽ നിന്ന്*
*തർജ്ജമ : കെ.എം. രാജൻ)*

*ഈശാ വാസ്യമിദം സർവ്വം യത്കിംഞ്ച ജഗത്യാം ജഗത് (യജുർവ്വേദം 40.1)*
*ഈ ജഗത് മുഴുവനും ഈശ്വരമയമാണ്*






# ദയാനന്ദ സന്ദേശം

**ആര്യസമാജത്തിന്റെ മുഖപത്രം**

**വൈദിക-ദാർശനിക മാസിക**

**പുസ്തകം : 3** **ലക്കം 3**

**വേദ സൃഷ്ടി സംവത്സരം 1972949116 കലിവർഷം 5117 ശ്രാവണം - ഭാദ്രപദം**
**1191 ചിങ്ങം - കന്നി 2015 സെപ്റ്റംബർ**



**രക്ഷാധികാരി**
സ്വാമി പ്രണവാനന്ദ സരസ്വതി
**പത്രാധിപർ**
കെ.എം. രാജൻ
**ഉപദേശക സമിതി**
ടി. ആർ. ബാലചന്ദ്രൻ നായർ
വാനപ്രസ്ഥി ശ്രീധര മുനി
വി. ഗോവിന്ദ ദാസ്
**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**


| | | |
|---|---|---|
| വേദാധ്യയനം | : | |
| മുഖവാണി | : | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക | : | 5 |
| ആര്യോദ്ദേശ്യ രത്നമാല | : | 7 |
| ശത്രുവോ? മിത്രമോ? | : | 8 |
| സംശയനിവാരിണി | : | 10 |
| ഉപദേശ മഞ്ജരി | : | 11 |
| ജീവിതം ഒരലയാഴി | : | 12 |
| മഹർഷി ദയാനന്ദ സരസ്വതി | : | 13 |
| സ്വാമി ശ്രദ്ധാനന്ദൻ | : | 14 |
| വാർത്തകൾ | : | 15 |



**വിലാസം : ദയാനന്ദ സന്ദേശം, ആര്യസമാജം,**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**
**വെള്ളിനേഴി തപാൽ,**
**പാലക്കാട് - 679 504**
**Ph: 9562529095, 9446017440**
**Email: dayanandasandesam@gmail.com**
**Visit us : www.thearyasmaj.org/vellinezhi**


## മുഖവാണി

## പുരാണങ്ങൾ : സത്യവും മിഥ്യയും



**വാട്ട്സ്** അപ്പിലൂടെ പ്രചരിക്കപ്പെടുന്ന വൈദികധർമ്മത്തേ (ഹിന്ദു ധർമ്മത്തേ) അപകീർത്തിപ്പെടുത്തുന്ന വ്യാജമെന്നു തോന്നുന്ന ഒരു വാർത്തയാണ് ഈ മാസത്തെ മുഖവാണിക്കാധാരം. ബ്രാഹ്മണകുലജാതനായ-തീവ്രഹിന്ദുവായ ഒരു യുവാവ് ഇസ്ലാം മതം സ്വീകരിക്കുന്നതാണ് അതിലെ വിഷയം. വാർത്ത ശരിയോ തെറ്റോ ആകാമെങ്കിലും അത് പലരെയും തെറ്റിദ്ധരിപ്പിക്കാനിടയുണ്ട് എന്നതിനാലാണിത് ദയാനന്ദസന്ദേശത്തിലൂടെ പരമാർശിക്കുന്നത്.

ആര്യാവർത്തമെന്നറിയപ്പെടുന്ന ഭാരതം ഋഷി-മുനിമാരുടെ പാവനഭൂമിയാണ്. ഭാരതത്തിലുണ്ടായത്ര ഋഷീശ്വരന്മാരും, ത്യാഗികളും തപസ്വികളും മഹാദാർശനികരും വീരയോദ്ധാക്കളും മറ്റൊരു ദേശത്തും ഉണ്ടായിട്ടില്ലാ

*അഗ്നിനാഗ്നിഃ സമിദ്ധ്യതെ (സാമം 944)*
*ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു*

എന്നത് പരക്കെ അംഗീകരിക്കപ്പെട്ടതാണ്. മര്യാദാപുരുഷോത്തമനായ ശ്രീരാമനും യോഗേശ്വരനായ ശ്രീകൃഷ്ണനും തുല്ല്യരായി ലോകചരിത്രത്തിൽ ആരും തന്നെ ഇതുവരേയുണ്ടായിട്ടില്ലാ എന്നത് അതിശയോക്തിയല്ല. ഗൗതമൻ, കണാദൻ, കപിലൻ, ജൈമിനി, പതഞ്ജലി, പാണിനി, ഹരിശ്ചന്ദ്രൻ, ചന്ദ്രഗുപ്തമൗര്യൻ, വിക്രമാദിത്യൻ തുടങ്ങിയ മഹാപുരുഷന്മാർക്ക് ജന്മം നൽകിയ വീരപ്രസവിനിയായ ഭാരതം മഹാഭാരതയുദ്ധാനന്തരം ആയിരക്കണക്കിന് വർഷം വേദവിരുദ്ധമതക്കാരുടെ അടിമയാക്കപ്പെട്ടുവെന്നത് ദൗർഭാഗ്യകരമാണ്. 1947 ആഗസ്റ്റ് 15 ന് സ്വാതന്ത്ര്യം ലഭിച്ചുവെന്നു പറയുമ്പോഴും ഇന്നും നമ്മുടെ നാട് ഋഷിമുനിമാർ വിഭാവനം ചെയ്ത പാതയിലൂടെയല്ലാപോയികൊണ്ടിരിക്കുന്നത് എന്നത് ദുഃഖകരമായ വസ്തുതയാണ്. അപൗരുഷേയമായ വേദങ്ങളെ തമസ്കരിച്ച് സ്വാർത്ഥികളാൽ പടച്ചുവിട്ട പുരാണഗ്രന്ഥങ്ങളുടെ പ്രചാരവും ആചരണവുമാണ് മേൽവിവരിച്ച വാർത്തകൾക്ക് ഊർജ്ജം നൽകുന്നത്. മര്യാദാപുരഷോത്തമനായ ശ്രീരാമചന്ദ്രനേയും യോഗേശ്വരനായ ശ്രീകൃഷ്ണനേയും ഭക്തിയുടെ പേരിൽ വികൃതമായി ചിത്രീകരിക്കുന്ന പുരാണങ്ങളുടെ പാരായണവും സപ്താഹങ്ങളുമാണ് ഇന്ന് ഏറെ പ്രചാരത്തിലുള്ളത്. മഹാഭാരതത്തിൽ ശ്രീകൃഷ്ണന്റെ ചരിത്രം വളരെ പവിത്രമായാണ് വിവരിക്കുന്നത് എന്ന് മഹർഷിദയാനന്ദൻ സത്യാർത്ഥപ്രകാശത്തിൽ പറയുന്നുണ്ട്. ജനനം മുതൽ മരണം വരെ ഒരപരാധവും ചെയ്തുകാണാത്ത ശ്രീകൃഷ്ണൻ സുദർശനചക്രധാരിയും (മുരളീധാരിയല്ല) നീതിനിപുണനും യുദ്ധത്തിൽ ധർമ്മപക്ഷത്തിനു നേതൃത്വം നൽകുന്നവനുമായാണ് ചിത്രീകരിച്ചിരിക്കുന്നത്. എന്നാൽ ഭാഗവതപുരാണം, ബ്രഹ്മവൈവർത്തപുരാണം തുടങ്ങിയ നവീനഗ്രന്ഥങ്ങളിൽ ശ്രീകൃഷ്ണൻ വെണ്ണ മോഷ്ടിക്കുന്നവനും കളവ് പറയുന്നവനും രാസക്രീഡ നടത്തുന്നവനും മറ്റുമായി വികൃതമായി ചിത്രീകരിച്ചിരിക്കുന്നു. ഇതേപോലെ മര്യാദാപുരുഷോത്തമനായി വാൽമീകി രാമായണത്തിൽ വിവരിക്കുന്ന ശ്രീരാമനെ ബ്രഹ്മാണ്ഡപുരാണത്തിന്റെ ഭാഗമായ അദ്ധ്യാത്മരാമായണത്തിൽ അതിശയോക്തിപരമായ വിവരണങ്ങളാലാണ് പ്രകീർത്തിക്കുന്നത്. ഇത്തരം ഗ്രന്ഥങ്ങളാണ് സാധാരണ ജനങ്ങളിൽ സംശയങ്ങൾ ജനിപ്പിക്കുന്നത്. വേദാദി സത്യശാസ്ത്രങ്ങളും വാൽമീകി രാമായണവും മഹാഭാരതാദി ഋഷികൃതഗ്രന്ഥങ്ങളുടെ പ്രചാരണവും ആണ് ഈ കാലഘട്ടത്തിന്റെ ആവശ്യം. മഹർഷി ദയാനന്ദന്റെ സന്ദേശമായ വേദങ്ങളിലേക്കുമടങ്ങുക എന്ന ആഹ്വാനം ഉൾക്കൊണ്ടാൽ ഒരാളും വൈദികധർമ്മം ഉപേക്ഷിച്ച് പോവുകയില്ല.

**പത്രാധിപർ**

***തിഷ്ഠൻ വൈ വീര്യവത്തമഃ (ശതപഥം 3.6.2.1)***
***ദൃഢതാപൂർവ്വം കർമ്മമനുഷ്ഠിക്കുന്ന വ്യക്തി എല്ലാവരിലും വെച്ച് ബലവാനും സഫലവാനുമാകുന്നു***







***(മുൻ ലക്കത്തിന്റെ തുടർച്ച)***

# ഋഗ്വേദാദി ഭാഷ്യ ഭൂമിക

***മഹർഷി ദയാനന്ദ സരസ്വതി***

***തർജ്ജമ: കെ.എം. രാജൻ***

യതോ യതഃ സമീഹസേ തതോ നോ അഭയം കുരു |
ശന്നഃ കുരു പ്രജാഭ്യോഽഭയം നഃ പശുഭ്യഃ || (7) || യജുർവ്വേദം 36.17.22)

യസ്മിൻ ഋചഃ സാമയജുങ്ഷി യസ്മിൻ പ്രതിഷ്ഠിതാ രഥനാഭാവിവാരാഃ |
യസ്മിംശ്ചിത്തം സർവ്വമോതം പ്രജാനാം തൻമേ മനഃ ശിവസങ്കൽപ്പമസ്തു || (8) ||

(യജുർവ്വേദം 34.5)

ഭാഷ്യംഃ (യ ആത്മദാഃ) യ ആത്മദാ വിദ്യാവിജ്ഞാന പ്രദഃ (ബലദാഃ) യഃ ശരീരേന്ദ്രിയ പ്രാണാത്മനസാം പുഷ്ട്യുൽസാഹപരാക്രമദൃഢത്വപ്രദഃ (യസ്യ) യം വിശ്വദേവാഃ സർവ്വേ വിദ്വാംസ ഉപാസതെ യസ്യാനുശാസനം ച മന്യന്തേ, (യസ്യ ച്ഛായാ) യസ്യാശ്രയ ഏവ മോക്ഷോഽസ്തി, യസ്യ ച്ഛായാഽകൃപാഽനാശ്രയോ മൃത്യുര്ജന്മമരണകാരകോഽസ്തി.

(കസ്മൈ) തസ്മൈ കസ്മൈ പ്രജാപതയേ പ്രജാപതിർവ്വേകസ്തസ്മൈ ഹവിഷാ വിധേമേതി|

(ശതപഥബ്രാഹ്മണേ കാണ്ഡേ 7 അധ്യായ 3)

സുഖസ്വരൂപായ ബ്രഹ്മണേ ദേവായ പ്രേമഭക്തി രൂപേണ ഹവിഷാവയം വിധേമ, സതതം തസ്യൈവോപാസനം കുർവ്വീമഹീ || (5)

(ദ്യൌഃ ശാന്തിഃ) ഹേ സർവ്വശക്തിമാൻ പരമേശ്വര ! ത്വത് ഭക്ത്യാ ത്വത്കൃപയാ ച ദ്യൌരന്തരീക്ഷം, പൃഥിവി ജലമോഷധയോ വനസ്പതയോ വിശ്വേ ദേവാഃ സർവ്വേവിദ്വാംസോ ബ്രഹ്മവേദഃ സർവ്വജഗച്ചാസ്മാദർത്ഥം ശാന്തം നിരുപദ്രവം സുഖകാരകം സർവ്വദാഽസ്തു | അനുകൂലം ഭവതു നഃ | യേന വയം വേദഭാഷ്യം സുഖേന വിദധീമഹി | ഹേ ഭഗവന്നേതയാസർവ്വശാന്ത്യാ വിദ്യാ ബുദ്ധി വിജ്ഞാനാരോഗ്യ സർവ്വോത്തമ സഹായൈർഭവാൻ മാം സർവ്വഥാ വർധയതു തഥാ സർവ്വം ജഗച്ച || (6)

(യതോയതഃ) ഹേ പരമേശ്വര! യതോയതോ ദേശാത്ത്വം സമീഹസേ ജഗദ്രചനപാലനാർത്ഥം

***ഭദ്രാ രാതിഃ (സാമം 111)***
***പരമേശ്വരനാൽ നൽകപ്പെട്ട ദാനം ഞങ്ങൾക്ക് മംഗളകാരിയായി ഭവിക്കട്ടെ***

ചേഷ്ടാം കരോഷി, തതസ്തതോ ദേശാന്നോƒസ്മാനഭയം കുരു, യതഃസർവ്വഥാ സർവ്വേഭ്യോ ദേശേഭ്യോ ഭയരഹിതാ ഭവത്കൃപയാവയം ഭവേമ | (ശന്നഃകുരു) തഥാ തത്രസ്ഥാഭ്യഃ പ്രജാഭ്യഃ പശുഭ്യശ്ചനോƒസ്മാന്ഭയം കുരു. ഏവം സർവ്വേഭ്യോ ദേശേഭ്യസ്തത്രസ്ഥാഭ്യഃ പ്രജാഭ്യഃ പശുഭ്യശ്ച നോƒസ്മാൻ ശം കുരു ധർമ്മാർത്ഥ കാമമോക്ഷാദിസുഖയുക്താന് സ്വാനുഗ്രഹേണ സദ്യഃ സമ്പാദയ | (7) (യസ്മിൻ ഋചഃ) ഹേ ഭഗവാൻ കൃപാനിധേ! യസ്മിൻ മനസി ഋചഃ സാമാനിയജൂംഷി ച പ്രതിഷ്ഠിതാനി ഭവന്തി, യസ്മിൻയഥാർത്ഥമോക്ഷവിദ്യാ ച പ്രതിഷ്ഠിതാ ഭവതി, കസ്യാം ക ഇവ? രഥനാഭൗ അരാ ഇവ | (യസ്മിൻശ്ച) യസ്മിംശ്ച പ്രജാനാം ചിത്തം സ്മരണാത്മകം സർവ്വമോതമസ്തി സൂത്രേ മണിഗണവൽപ്രോതമസ്തി | തൻമേ മമ മനോ ഭവൽകൃപയാ ശിവസങ്കൽപം കല്യാണപ്രിയം സത്യാർത്ഥപ്രകാശം ചാസ്തു, യേനവേദാനാം സത്യാർത്ഥഃ പ്രകാശ്യേത | ഹേ സർവ്വവിദ്യാമയ സർവ്വാത്ഥവിൻ | മദുപരി കൃപാം വിധേഹി, യഥാ നിർവ്വിഘ്നേന വേദാർത്ഥഭാഷ്യം സത്യാർത്ഥം പൂർണ്ണം വയം കുർവ്വീമഹി, ഭവദ്യശോ വേദാനാം സത്യാർത്ഥം വിസ്താരയേമഹി | യം ദൃഷ്ട്വാ വയം സർവ്വേ സർവ്വോൽകൃഷ്ടഗുണാ ഭവേമ | ഈ ദൃശിം കരുണാമസ്മാകമുപരികരോതു ഭവാൻ | ഏതദർത്ഥം പ്രാർത്ഥ്യതേ | അനയാ പ്രാർത്ഥനയാƒസ്മാൻ ശ്രീഘ്രമേവാനുഗൃഹ്ണാതു | യത ഇദം സർവ്വോപകാരകം കൃത്യം സിദ്ധം ഭവേത് || (8)

**ഭാഷാർത്ഥം:–** (യ ആത്മദാഃ) ജഗദീശ്വരൻ തന്റെ കൃപയാൽ നമ്മുടെ ആത്മാക്കൾക്ക് വിജ്ഞാനം നൽകുന്നവനും സത്യവിദ്യയും സത്യസുഖങ്ങളുടെ പ്രാപ്തിയും നൽകുന്നവനും അദ്ദേഹത്തിന്റെ ഉപസാന എല്ലാ പണ്ഡിതന്മാരും ചെയ്യുകയും ചെയ്യുന്നു. കൂടാതെ ആരുടെ അനുശാസനത്താലാണോ വേദോക്തപാഠ്യപദ്ധതി തയ്യാറാക്കിയിരിക്കുന്നത്, അദ്ദേഹത്തെ അത്യന്ത ബഹുമാനത്തോടെ എല്ലാ ശിഷ്ടജനങ്ങളും സ്വീകരിക്കുന്നു. ആരുടെ ആശ്രയമാണോ മോക്ഷസുഖത്തിന് കാരണമായിട്ടുള്ളതും ആരുടെ അകൃപയാണോ ജന്മമരണരൂപദുഃഖങ്ങളെ നൽകുന്നത്, അതായത് ആരാണോ ഈശ്വരനും അദ്ദേഹത്തിന്റെ ഉപദേശമായ സത്യവിദ്യ, സത്യധർമ്മം, സത്യമോക്ഷം എന്നിവയെ മാനിക്കാതെ വേദവിരുദ്ധമായി കപോലകൽപനയാൽ ദുഷ്ടഉദ്ദേശ്യത്തോടെ മോശം കർമ്മങ്ങൾ ചെയ്യുന്നത് അയാളിൽ ഈശ്വരന്റെ അകൃപയുണ്ടാവുന്നു. ഇത് സർവ്വദുഃഖങ്ങൾക്കും കാരണമാവുന്നു. അദ്ദേഹത്തിന്റെ ആജ്ഞയേ അനുസരിക്കുകയാണ് സർവ്വസുഖങ്ങളുടേയും അടിസ്ഥാനം. (കസ്മൈ) ആ സുഖസ്വരൂപനും എല്ലാപ്രജകളുടേയും പതിയുമായ പരമേശ്വരദേവന്റെ പ്രാപ്തിക്കായി സത്യ-പ്രേമ ഭക്തിരൂപ സാമഗ്രികളാൽ ഞങ്ങൾ നിത്യവും ഭജിക്കുന്നു. അങ്ങിനെ ഞങ്ങൾക്ക് ഒരു തരത്തിലുമുള്ള ദുഃഖങ്ങൾ ഒരിക്കലും വരാതിരിക്കട്ടെ || (5)

(തുടരും)

*ഛിദ്രം വൃണ (യജുർവ്വേദം 12.54)*
*തങ്ങളുടെ കുറവുകളെ ഇല്ലായ്മ ചെയ്താലും*





*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ആര്യോദ്ദേശ്യ രത്നമാല

## മഹർഷി ദയാനന്ദസരസ്വതി

*തർജ്ജമ: നചികേതസ്*

**69. ഭാവന:–** ഏതൊരു വസ്തുവിനെ കണ്ട് അതിനെ അതേപോല കണ്ടറിഞ്ഞ് നിശ്ചയിക്കുന്നത് അതായത് അതിൽ ആശയകുഴപ്പം കാണാതെ ആ വസ്തുവിനെ അതായി തന്നെ മനസ്സിലാക്കുന്നതാണ് ഭാവന.

**70. അഭാവന:–** ഭാവനക്ക് വിരുദ്ധമായി അതായത് മിഥ്യാജ്ഞാനത്താൽ ഒന്നിനെ മറ്റൊന്നായി നിശ്ചയിക്കുന്നത് അഥവാ ജഡത്തേ ചേതനമെന്നും ചേതനത്തേജഡമെന്നും നിർണ്ണയിക്കുന്നതിനെ അഭാവന എന്നുപറയും

**71. പണ്ഡിതൻ:–** സത്-അസത് എന്നിവയെ വേർതിരിച്ചറിയുന്ന ധർമ്മാത്മാവും സത്യവാദിയും സത്യപ്രിയനും വിദ്വാനും എല്ലാവരുടെയും ഹിതകാരിയും ആയവനെയാണ് പണ്ഡിതനെന്നു പറയുന്നത്.

**72. മൂർഖൻ (മൂഢൻ):–** അജ്ഞാനിയും പിടിവാശിക്കാരനും ദുരാഗ്രഹം തുടങ്ങിയ ദോഷങ്ങളോടു കൂടിയവനെ മൂർഖൻ (മൂഢൻ) എന്നു പറയുന്നു.

**73. ജ്യേഷ്ഠ-കനിഷ്ഠ വ്യവഹാരം:–** വലിയവരും ചെറിയവരും തമ്മിലുള്ള യോഗ്യമായ പെരുമാറ്റവും മാന്യതയുമാണ് ജ്യേഷ്ഠ-കനിഷ്ഠ ബന്ധമെന്നു പറയുന്നത്.

**74. സർവ്വഹിതം:–** തന-മന-ധന ത്താൽ എല്ലാവരുടേയും സുഖത്തേവർദ്ധിപ്പിക്കുന്നതിനുവേണ്ടി ശ്രമിക്കുന്നതിനെ സർവ്വഹിതമെന്നു പറയുന്നു. സർവ്വഹിതത്തിൽ തന്റെ – മറ്റുള്ളവരുടെ എന്നീ ചിന്തവെടിഞ്ഞ് എല്ലാവരുടെയും പ്രയോജനത്തിനായി പ്രവർത്തിക്കുന്നു. ഓരോ മനുഷ്യനും സർവ്വഹിതകാരിയായ നിയമങ്ങൾപാലിക്കുന്നതിൽ പരതന്ത്രനും പരിശ്രമിയുമായിരിക്കണം.

**75. മോഷണത്യാഗം:–** ഉടമസ്ഥന്റെ അനുമതിയില്ലാതെ ഏതെങ്കിലും പദാർത്ഥങ്ങൾ എടുക്കുന്നത് മോഷണവും അവയെ പരിത്യജിക്കുന്നത് മോഷണത്യാഗവുമെന്ന് പറയുന്നു.

**76. വ്യഭിചാരത്യാഗം:–** തന്റെ പത്നിയല്ലാത്ത മറ്റു സ്ത്രീയുമായി സംഗമിക്കുന്നതും തന്റെ പതിനിയുമായിപ്പോലും ഋതുവിനുയോജിച്ച സമയത്തല്ലാതെ സംഗമിക്കുന്നതും സ്വപത്നിയുമായി അത്യന്തം വീര്യനാശം നടത്തുന്നതും യുവാവസ്ഥയില്ലാതെ വിവാഹം ചെയ്യുന്നതും വ്യഭിചാരമാണ്. അവയെ ത്യജിക്കുന്നതിനേ വ്യഭിചാരത്യാഗമെന്നു പറയും.

***(തുടരും)***

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ*

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ശത്രുവോ? മിത്രമോ?

**ഋഷ്യശൃംഗൻ**

**ശ്ര**ദ്ധേയമായ ഒരു വസ്തുത എല്ലാവിധ മാംസാഹാരവും (മീൻ, മുട്ട, മാംസം) വേഗത്തിൽ നാശത്തിന് വിധേയമാകുന്നു എന്നതാണ്. സസ്യാഹാരത്തോട് താരതമ്യം ചെയ്യുമ്പോൾ മാംസാഹാരത്തിന് ഹ്രസ്വമായ (വളരെകുറഞ്ഞ) ആയുസ് മാത്രമെ ഉള്ളൂ. ഇക്കാരണത്താൽ അവ കോൾഡ് സ്റ്റോറേജിൽ സൂക്ഷിക്കേണ്ടത് അത്യന്താപേക്ഷിതമായി വരുന്നു. രണ്ടാമതായി മാംസാഹാരം പച്ചയായി സൂക്ഷിക്കുമ്പോഴും, പാകം ചെയ്യുമ്പോഴും അസഹനീയവും, വെറുപ്പുളവാക്കുന്നതുമായ ദുർഗന്ധം വമിപ്പിക്കുന്നു. അതേസമയം സസ്യാഹാരം ഏത് അവസ്ഥയിലും പ്രസാദാത്മകമായ സുഗന്ധത്തെയാണ് ഉണ്ടാക്കുന്നത്. മാംസാഹാരിയുടെ ദേഹത്തിൽ നിന്ന് എപ്പോഴും ഒരു ദുർഗന്ധം പ്രസരിക്കുന്നു. മാംസാഹാരികളായ മനുഷ്യർ ഒരു ചലിക്കുന്ന ശവപ്പറമ്പ് ആണെന്നു പറയാം. കാരണം അവർ ജീവികളുടെ ശവം ഭക്ഷിക്കുന്നു.

മാംസാഹാരികൾ കൂടുതൽ കരുത്തരും ഊർജ്ജസ്വലരുമാണെന്ന് ചിലർ കരുതുന്നു. ഈ ചിന്താഗതിയും ശുദ്ധഅബദ്ധമാണ്. ജീവകം B 12 മനുഷ്യശരീരത്തിനു ആവശ്യമാണെങ്കിലും അവ ബീറ്റ്റൂട്ട്, ക്യാരറ്റ്, ഈത്തപ്പഴം തുടങ്ങിയ സസ്യാഹാരത്തിൽ നിന്ന് ലഭ്യമാണ്. ഇത് ലഭിക്കാനായി മാംസം കഴിക്കേണ്ടതില്ല.

“അല്ലയോ ജഗദീശ്വരാ, ഞങ്ങൾ മംഗളമായ കാര്യങ്ങൾ മാത്രം കേൾക്കുമാറാകട്ടെ, നല്ലത് മാത്രം കാണുമാറാകട്ടെ, ഞങ്ങളുടെ ശരീരം കരുത്തുറ്റതാകട്ടെ, ഞങ്ങളുടെ ജീവിതം മഹത്തായ ഗുണങ്ങളെ കൊണ്ട് മൂല്യമുള്ളതാവുമാറാകട്ടെ.”

(യജുർവ്വേദം 25/21)

“അമേരിക്കയിലെ നാഷണൽ ഇൻസറ്റിറ്റ്യൂട്ട് ഓഫ് ന്യൂട്രീഷൻ” എന്ന സ്ഥാപനം സസ്യഭക്ഷണത്തിന്റേയും, മാംസാഹാരത്തിന്റേയും മൂല്യങ്ങൾ തമ്മിൽ താരതമ്യം ചെയ്ത ഒരു ചാർട്ട് ഇറക്കിയിട്ടുണ്ട്. ആ ചാർട്ട് പറയുന്നത് സസ്യഭക്ഷണം മാംസാഹാരത്തേക്കാൾ എത്രയോ അധികം മെച്ചപ്പെട്ടതും, സുരക്ഷിതവും, ആരോഗ്യപ്രദായകവും ആണെന്നാണ്. മുട്ട ദഹിയ്ക്കാൻ വളരെ പ്രയാസമുള്ളതും, അതിനാൽ തന്നെ കുട്ടികളുടെ ആരോഗ്യത്തിന് ദോഷം ചെയ്യുന്നതുമാണ്. മുട്ട ഒരു കാരണവശാലും സസ്യാഹാരമല്ല. ഗാന്ധിജിയെ ഉദ്ധരിച്ച് ചിലർ മുട്ട സസ്യാഹാരമെന്ന് വാദിയ്ക്കുന്നു. നമ്മൾ മനസ്സിലാക്കേണ്ട ഒരു

*മാ നിന്ദത (ഋഗ്വേദം 4.5.2)*
*നിന്ദിക്കാതിരിക്കൂ!*





വസ്തുത ഗാന്ധിജി ഒരു ആദർശപുരുഷനാണെന്നും, അതല്ലാതെ ഒരു ജീവശാസ്ത്രജ്ഞൻ അല്ലെന്നുമാണ്. ഗാന്ധി അദ്ദേഹത്തിനു തന്നെ അസുഖം നേരിട്ടപ്പോൾ ഭിഷഗ്വരൻമാരുടെ നിർദ്ദേശമുണ്ടായിട്ടുപോലും മുട്ടകഴിക്കാൻ വഴങ്ങിയില്ല. ഇതദ്ദേഹം തന്റെ ആത്മകഥയിൽ 13-ാം അദ്ധ്യാത്തിൽ പ്രതിപാദിയ്ക്കുന്നു. ഒരാൾക്ക് ഒരിയ്ക്കലും ചോരയും മാംസവും എല്ലും നിറഞ്ഞ ഒരു കട കണ്ടാൽ സന്തോഷം തോന്നില്ല. അതേസമയം പച്ചക്കറികളും, ഇലവർഗ്ഗങ്ങളും, പഴങ്ങളും വിൽപനയ്ക്കുവച്ചിട്ടുള്ള ഒരു വ്യാപാരസ്ഥാപനം നയനാനന്ദം നൽകുകയും ചെയ്യും. ആ അന്തരീക്ഷം സുഗന്ധപൂരിതമായിരിക്കുകയും ചെയ്യും. അതേസമയം ഒരു മാംസവ്യാപാരസ്ഥാപനം ഭയാനകമായ കാഴ്ചയാണ്. നിങ്ങൾ ആ അന്തരീക്ഷത്തിൽ നിന്ന് ഓടിയകലാനാണ് വെമ്പൽ കൊള്ളുക. മതപരമായോ, സാമൂഹ്യപരമായോ ഉള്ള ഏത് വീക്ഷണപ്രകാരവും മൽസ്യ-മാംസാഹാരം മനുഷ്യന്റെ സ്വാഭാവിക ആഹാരരീതിയല്ല. ലോകസമാധാനത്തിലേക്കുള്ള മാർഗം സസ്യാഹാരത്തിലൂടെയാണ്.

**FOOD VALUES OF VEGS AND NON-VEG, (NUTRITIOUS VALUE PER EACH 100 GRAMS)**

| | Type of Food | Protein | Carbo-hydrate | Minerals | Calcium | Ferrous | Cholostrol | Calories |
|---|---|---|---|---|---|---|---|---|
| Vegetables | Wheat | 12.1 | 72.2 | 1.8 | 0.04 | 7.7 | 0 | 328 |
| | Millet (Bajri) | 11.6 | 67.1 | 2.7 | 0.05 | 8.8 | 0 | 360 |
| | Rice | 8.5 | 77.2 | 0.9 | 0.01 | 2.8 | 0 | 344 |
| | Cereals (All Types) | 25.0 | 58.0 | 3.0 | 0.06 | 8.0 | 0 | 350 |
| | Groundnut | 31.5 | 19.0` | 2.3 | 0.05 | 1.6 | 0 | 550 |
| | Soyabean | 43.0 | 23.0 | 4.6 | 0.24 | 11.6 | 0 | 430 |
| | Milk | 38.0 | 15.0 | 7.0 | 1.4 | 1.4 | 30 | 360 |
| Non-Veg | Eggs | 13.3 | Nege | 1.0 | 0.06 | 2.1 | 280 | 137 |
| | Fish | 22.6 | Nege | 0.8 | 0.02 | 0.8 | 130-200` | 97 |
| | Meat | 18.5 | Nege | 1.3 | 0.15 | 2.5 | 90-250 | 194 |

*(തുടരും)*

*യന്തി പ്രമാദമതന്ദ്രാഃ (സാമം 721)*
*ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു*

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ?= സംശയ നിവാരിണി
## സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

**മദൻ രഹേജ**
തർജ്ജമ: സുരി



**ചോദ്യം 36**: അതായത് ഈശ്വരൻ ത്രികാലദർശിയല്ലെന്നാണോ?

**ഉത്തരം**: ഈ ചോദ്യത്തിനുള്ള ഉത്തരം മഹർഷിദയാനന്ദസരസ്വതി തന്റെ അമരഗ്രന്ഥമായ സത്യാർത്ഥപ്രകാശത്തിന്റെ ഏഴാം സമുല്ലാസത്തിൻ സംശയാതീതമായി പറഞ്ഞിട്ടുണ്ട്.

"ഈശ്വരനെ ത്രികാലദർശി" എന്നു പറയുന്നത് മൂഢത്വമാണ്. കാരണം യാതൊന്നാണോ മുമ്പുണ്ടായിരുന്നതും ഇപ്പോഴില്ലാത്തതും അതിനെ ഭൂതമെന്നും യാതൊന്നാണോ ഇപ്പോഴില്ലാത്തതും ഇനി ഉണ്ടാകാൻ പോകുന്നതും അതിനെ ഭാവിയെന്നും പറയുന്നു. ഇപ്രകാരം ഈശ്വരന് ഇപ്പോഴില്ലാത്ത അറിവോ ഭാവിയിൽ ഉണ്ടാകാനിടയുള്ള അറിവോ ഉണ്ടോ? അതിനാൽ ഈശ്വരന്റെ അറിവ് എപ്പോഴും ഒരു പോലെയുള്ളതും തടസ്സപ്പെടാത്തതുമാണ്. ഭൂതവും ഭാവിയുമെല്ലാം ജീവാത്മാക്കൾക്കുള്ളതാണ്. ഈശ്വരന്റെ ത്രികാലജ്ഞാനം ജീവാത്മാവിന്റെ കർമ്മത്തോടുകൂടി ചേരുമ്പോഴാണ്. ജീവാത്മാവ് എപ്രകാരമാണോ സ്വതന്ത്രമായി കർമ്മം ചെയ്യുന്നത് അപ്രകാരം തന്നെ ഈശ്വരൻ തന്റെ സർവ്വജ്ഞത കൊണ്ട് എല്ലാം അറിയുകയും ചെയ്യുന്നു. ഈശ്വരൻ അറിയുന്ന പ്രകാരം ജീവാത്മാവ് കർമ്മം ചെയ്യുന്നു. അതായത് ഭൂത - വർത്തമാന - ഭവിഷ്യകാലങ്ങളിലെ ജ്ഞാനത്തിനും ഫലം നൽകുന്നതിലും ഈശ്വരൻ സ്വതന്ത്രനാണ്. ജീവാത്മാവ് വർത്തമാനജ്ഞാനത്തിൽ അൽപ്പജ്ഞനും കർമ്മം ചെയ്യുന്നതിൽ സ്വതന്ത്രനുമാണ്. ഈശ്വരന് കർമ്മം ചെയ്യുന്നതിനുള്ള ജ്ഞാനം പോലെ ഫലം നൽകുന്നതിനുള്ള ജ്ഞാനവും അപാരമാണ്. ഈ രണ്ടുജ്ഞാനവും സത്യമാണ്. കർമ്മജ്ഞാനം സത്യവും ശിക്ഷ നൽകുന്നതിനുള്ള ജ്ഞാനം മിഥ്യയും ആകാൻ വഴിയില്ലല്ലോ? അതിനാൽ ഇതിൽ യാതൊരു ദോഷവും ആരോപിക്കാൻ വഴിയില്ല.

**ചോദ്യം 37**: മുകളിൽ വിവരിച്ച മഹർഷി വചനത്തിൽ നിന്ന് മനസ്സിലാവുന്നത് ഈശ്വരന് ഭാവിയെപ്പറ്റി എല്ലാം അറിയാം എന്നല്ലെ?

**ഉത്തരം** : മഹർഷി വചനം തികച്ചും ശരിയാണ്. മുകളിൽ പറഞ്ഞകാര്യത്തേ പറ്റി നല്ലപോലെ പഠിക്കുകയും മനസ്സിലാക്കുകയും ചെയ്യു. സർവ്വജ്ഞനായ ഈശ്വരൻ ജിവികളുടെ എല്ലാ കർമ്മത്തേപറ്റിയും അറിവുള്ളവനാണ് എന്നു മനസ്സിലാക്കാം. എന്നാൽ എപ്രകാരമാണോ ജീവൻ കർമ്മം ചെയ്യുന്നതിൽ സ്വതന്ത്രനായിരിക്കുന്നത് അപ്രകാരം തന്നെ ആ സ്വാതന്ത്ര്യത്തിന് ഈശ്വരൻ ഒരു തടസ്സമാവുകയോ കർമ്മം ചെയ്യുന്നതിനെ തടയുകയോ ചെയ്യുന്നില്ല. ജീവാത്മാവ് കർമ്മം ചെയ്യുമ്പോൾ അതിനുള്ള ഫലവും ലഭിക്കുന്നു. കർമ്മം ചെയ്യാത്തിടത്തോളം കാലം ഫലവും ലഭിക്കുന്നില്ല. ജീവാത്മാവിന്റെ വിചാരങ്ങളിൽ എപ്പോഴൊക്കെ പരിവർത്തനമുണ്ടാകുന്നോ ഈശ്വരൻ തന്റെ വർത്തമാനജ്ഞാനം കൊണ്ട് മനസ്സിലാക്കുന്നു. ഈശ്വരന്റെ അനാദിയായ ജ്ഞാനം കൊണ്ട് അദ്ദേഹത്തെ ത്രികാലദർശി എന്നല്ലാ ത്രികാലജ്ഞൻ എന്നാണ് പറയുവാൻ സാധിക്കുക.

*(തുടരും)*

***ആരോഹ തമസോ ജ്യോതിഃ (അഥർവ്വം 8.1.8)***
***അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് മുന്നേറിയാലും***





*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം

***മഹർഷി ദയാനന്ദ സരസ്വതി***
*തർജ്ജമ: കെ.എം. രാജൻ*

## ആറാം പ്രഭാഷണം (ജന്മ വിഷയം)




**ഇ**നി ഈ ജന്മത്തിലെ കാര്യം തന്നെ നമുക്കൊന്ന് ചിന്തിച്ചുനോക്കാം. ഞാൻ എത്രയോ പ്രഭാഷണങ്ങൾ നടത്തിക്കഴിഞ്ഞു. എന്നാൽ ആ പ്രഭാഷണങ്ങൾ അതേ രൂപത്തിൽ അതേഭാവത്തിൽ അതേ പദത്തിൽ എനിക്ക് എങ്ങിനെ ഓർത്തെടുക്കാനാവും? പ്രധാനവിഷയങ്ങൾ സംസാരിച്ചതിനെക്കുറിച്ച് എനിക്ക് നന്നായി ഓർക്കാൻ കഴിഞ്ഞേക്കാം. എന്നാൽ പ്രഭാഷണത്തിലെ പല ചെറിയ ഭാഗങ്ങളും ഞാൻ വിസ്മരിച്ചിട്ടുണ്ടാവും. ഇതിന്നർത്ഥം ഞാൻ പ്രഭാഷണം നടത്തിയിട്ടില്ല എന്നു പറയാനൊക്കുമോ? രണ്ടാമതായി ബാല്യാവസ്ഥയിൽ എന്തെല്ലാം സംസാരിച്ചിട്ടുണ്ടോ അവ പിന്നീട് പൂർണ്ണമായും മറന്നുപോവുന്നു. ഇതിനർത്ഥം ബാല്യാവസ്ഥ ഉണ്ടായിട്ടില്ലാ എന്നാണോ? വീണ്ടും നാം ജാഗ്രതാവസ്ഥയിൽ നടക്കുന്ന പലകാര്യങ്ങളും നിദ്രാവസ്ഥയിൽ വിസ്മൃതിയിലാവുന്നു. ഇതിൽ നിന്നെല്ലാം മനസ്സിലാക്കേണ്ടത് പൂർവ്വജന്മസ്മരണ ഇല്ലാ എന്നതുമാത്രം കണക്കിലെടുത്ത് പൂർവ്വജന്മമില്ലാ എന്ന് കണക്കാക്കരുത്. രണ്ടു ജന്മങ്ങൾക്കിടയിൽ വരുന്ന മരണമാകുന്ന അന്ധകാരം എല്ലാവിധ മുൻസ്മരണകളേയും നഷ്ടപ്പെടുത്തുന്നു.

ഇനി മനസ്സിന്റെ ധർമ്മമെന്താണെന്ന് നമുക്ക് പരിശോധിക്കാം. സന്നിഹിതമായ പദാർത്ഥങ്ങളുടെ വിഷയത്തിൽ രാഗ - ദ്വേഷങ്ങൾ ഉൽപ്പന്നമാവുന്നത് മനസ്സിന്റെ സ്വഭാവമാണ്. സാന്നിദ്ധ്യമില്ലാത്തപ്പോൾ അവയെകുറിച്ച് വിസ്മരണം ഉണ്ടാവുകയും ചെയ്യുന്നു. അതിനാൽ വളരെ കാലം മുമ്പ് മുൻജന്മത്തിൽ എന്തെല്ലാം സംഭവിച്ചിട്ടുണ്ടോ അവ ഒക്കെ ഓർമ്മിക്കാനാവാത്തതിൽ അതിശയിക്കേണ്ടതുണ്ടോ?

ഒരുദാഹരണം പറയാം. ഒരു പാഠശാലയിൽകുറച്ചുവിദ്യാർത്ഥികൾ അധ്യയനം നടത്തുന്നു. അവയിൽ കുറച്ചുപേർ വളരെ പെട്ടെന്ന് കാര്യങ്ങൾ ഗ്രഹിക്കുന്നു. മറ്റുചിലർക്ക് കുറച്ച്കൂടുതൽ സമയം വേണ്ടിവരുന്നു. മറ്റൊരുകൂട്ടർക്ക് ഇത് ഒരിക്കലും ഉൾക്കൊള്ളാനാവുന്നില്ല. ഇവിടെ ഉത്തമബുദ്ധി, മദ്ധ്യമബുദ്ധി, അധമബുദ്ധി എന്നിവ ദർശിക്കാനാവും. അപ്പോൾ പൂർവ്വജന്മവിഷയത്തിലെ സ്മരണകളുടെ സ്ഥിതി എത്രകഠിനമായിരിക്കും? ജന്മം ഒരിക്കൽ മാത്രമേയുള്ളൂവെന്ന പ്രമാണം അംഗീകരിക്കുന്നത് യുക്തിവിരുദ്ധമാണ്.

*(തുടരും)*

***ന വിത്തേന തർപ്പണീയോ മനുഷ്യ (കഠം 1.27)***
***മനുഷ്യൻ ഒരിക്കലും ധനത്താൽ തൃപ്തനാവില്ല***

(മുൻലക്കത്തിന്റെ തുടർച്ച)

# ജീവിതം ഒരലയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

## അദ്ധ്യായം 3



"**അ**തോ" വാരിയർ തുടർന്നു. "അതിൽ സ്വാർത്ഥക്കറലേശമൊക്കെ കലർന്നിട്ടുണ്ടാവാം ഇവരുടെ ദാനത്തിൽ. തന്റെ ചൊൽപ്പടിക്ക് തിരുവായ്ക്കെതിർ ഇല്ലെന്നപോലെ നിർത്തണമെന്നേ ഇവർക്കുള്ളു. തീരെ നാമാവശേഷമാക്കണമെന്നില്ല. അതായത് ഇംഗ്ലണ്ടുകാരും അമേരിക്കകാരും ആഫ്രിക്കൻ കാപ്പിരികളോട് കാണിച്ച ക്രൂരത കാട്ടണമെന്നില്ലന്നർത്ഥം. തീറ്റയും മറ്റെല്ലാതും കൊടുത്ത് യോഗ്യസദ്ധ്യരാക്കിവളർത്തി ചുറ്റും നിർത്തി സ്വന്തം ആവശ്യങ്ങൾ കറന്നെടുക്കുകയെന്നതാണിവരുടെ സിദ്ധാന്തം. സ്വർണ്ണകൂട്ടിലിട്ട തത്തക്കൊത്ത് സ്വർണ്ണകൂട്ടിലായാലും എന്തുവിഭവങ്ങളുണ്ടായാലും ജീവന് സ്വാതന്ത്ര്യമാണാവശ്യം. അതായത് മുക്തി, വിടുതി എന്നൊക്കെ വിശേഷിപ്പിക്കുന്ന സ്വാതന്ത്ര്യമാണ് ഏറ്റവും വലിയതും സർവ്വോത്തമമായതുമെന്നകാര്യം ഇവർ മറന്നു. അഥവാ സ്വാർത്ഥമാവുന്ന കാർമേഘം അതിനെമറച്ചു. അതിനേ നീക്കാനിവർക്ക് കഴിഞ്ഞില്ല എന്നതാണിവിടെയുണ്ടായ പിഴ. വെണ്ണീറിൽ മൂടികിടക്കുന്ന സഹജമായ സ്വാതന്ത്ര്യേച്ഛാ സ്ഫുല്ലിംഗങ്ങൾ കാലാന്തരത്തിൽ മാറികൊണ്ടിരിക്കുന്ന സാഹചര്യേന്ധനം ലഭിച്ചപ്പോൾ നീറിപുകഞ്ഞു കത്തിജ്ജ്വലിച്ചു വായിലാക്കിയതിന്റെ അവശ്ഷ്ടങ്ങളല്ലെ ഈ കാണുന്ന മാംസം പോയ അസ്ഥിപഞ്ജരങ്ങൾ ? വാരിയർ "അഹം" തത്ത്വമില്ലാതാക്കും ശാശ്വത സുഖം കൈവരില്ലെന്ന സത്യത്തിലേക്ക് വെളിച്ചമേകാൻ ശ്രമിച്ചു."

"ആട്ടെ, നിങ്ങൾ പറഞ്ഞ ദയാലുതക്ക് ഒരുദാഹരണം? പാച്ചൻ വാരിയരുടെ ഉള്ളറിയാൻ ഒന്നു തോണ്ടി."

"എത്ര വേണം? ഉദാഹരണത്തിന് ചെറുതായൊന്നു പറയാം. ജനേശമംഗലത്തെ അനിയൻ തമ്പുരാന്റെ കഥ അങ്ങുകേട്ടുകാണും. വാടാമംഗലത്തെ വടശ്ശീരി രാവുണ്ണി മേനോൻ ജനേശമംഗലം മനവക കാണക്കുടിയാനായിരുന്നു. മിച്ചവാരം ബാക്കിവന്ന് അയാൾ കഷ്ടത്തിലായി. മനക്കലെ മഹൻതമ്പുരാനായിരുന്നു തറവാട്ടിലെ കാര്യങ്ങൾ കൈകാര്യം ചെയ്തിരുന്നത്. കാര്യസ്ഥവൃന്ദം അദ്ദേഹത്തെ ചെവിയിലൂതി രാവുണ്ണിയുടെ പേരിൽ കേസ് ഫയൽ ചെയ്യാൻ നിശ്ചയിച്ചു. രാവുണ്ണിമേനോൻ മൂപ്പിന്നിനെ നേരിൽ സങ്കടമറിയിക്കാൻ ഒന്നല്ല, പലവട്ടം മനക്കിൽ പോയി പാടുകിടന്നു. സ്തുതിപാഠകർ അയാളെ കാരണവരുടെ അടുത്തേക്കണയാൻ പലവ്യാജങ്ങൾ പറഞ്ഞ് തടഞ്ഞു. കാരണവരോട് വിവരമൊന്നും അറിയിക്കുകയും ചെയ്തില്ല. ഒടുവിൽ അന്യായഹരിജിയിൽ ഒപ്പിടാനായി കാരണവരെ സമീപിച്ചു. അപ്പോഴാണ് സംഭവം അദ്ദേഹമറിഞ്ഞത്. അദ്ദേഹം അന്യായപകർപ്പ് വായിച്ചുനോക്കി. ഒപ്പിട്ടില്ല. രാവുണ്ണിയേ കൊണ്ടുവരാനാജ്ഞാപിച്ചു. രാവുണ്ണി ഹാജരാക്കപ്പെട്ടു.

*(തുടരും)*

> **തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)**
> **ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !**






(മുൻ ലക്കത്തിന്റെ തുടർച്ച)

**ആര്യവീർ ദളം – ബാലപംക്തി** **ആര്യവീരഗാഥ – 1**

# മഹർഷി ദയാനന്ദസരസ്വതി

നചികേതസ്



## കാശി ശാസ്ത്രാർത്ഥം

**ദയാനന്ദൻ:** ഏതെങ്കിലും വിഷയം കണ്ഠസ്ഥമല്ലെങ്കിൽ പുസ്തകം നോക്കി കാര്യം മനസ്സിലാക്കാവുന്നതാണ്.

**വിശുദ്ധാനന്ദൻ:** താങ്കൾക്ക് ഇത് കണ്ഠസ്ഥമല്ലെങ്കിൽ കാശിയിൽ ശാസ്ത്രാർത്ഥത്തിനുവന്നത് എന്തിനാണ്?

**ദയാനന്ദൻ:** താങ്കൾക്ക് എല്ലാവിഷയവും മനഃപ്പാഠംമാണോ?

**വിശുദ്ധാനന്ദൻ:** അതെ

**ദയാനന്ദൻ:** ധർമ്മത്തിന്റെ സ്വരൂപമെന്താണെന്ന് പറയൂ.

**വിശുദ്ധാനന്ദൻ:** വേദങ്ങളിൽ വർണ്ണിച്ചിരിക്കുന്നഫലത്തോടുകൂടിയ അർത്ഥമെന്തോ അതാണ് ധർമ്മം.

**ദയാനന്ദൻ:** ഇത് താങ്കൾ ഉണ്ടാക്കിയ സംസ്കൃതവാക്യമാണ്. ഈ വിഷത്തിൽ ഏതെങ്കിലും ശ്രുതി-സ്മൃതി പ്രമാണമറിയാമെങ്കിൽ പറയുക.

**വിശുദ്ധാനന്ദൻ:** പ്രേരണാപ്രദവും ലക്ഷണയുക്തവുമായതെന്തോ അതാണ് ധർമ്മം. ഇത് ജൈമിനിയുടെ സൂത്രമാണ്.

**ദായനന്ദൻ:** ശ്രുതി-സ്മൃതി പ്രാണങ്ങൾ ഉദ്ധരിക്കാനാണ് ഞാൻ പറഞ്ഞത്. താങ്കൾ അതു കാണിക്കാതെ സൂത്രങ്ങളുടെ പ്രമാണം പറയുന്നതെന്താണ്? ഇതാണോ താങ്കളുടെ കണ്ഠസ്ഥജ്ഞാനം?

ഇതിന് വിശുദ്ധാനന്ദന് യാതൊരു മറുപടിയുമുണ്ടായിരുന്നില്ല. അപ്പോൾ സ്വാമിജി പറഞ്ഞു. "താങ്കൾക്ക് ധർമ്മത്തിന്റെ സ്വരൂപം പറയാൻ കഴിയുന്നില്ല. ധർമ്മത്തിന്റെ ലക്ഷണമെന്താണെന്നെങ്കിലും പറയാമോ?"

**വിശുദ്ധാനന്ദൻ:** ധർമ്മത്തിന് ഒരേ ഒരു ലക്ഷണമേയുള്ളു.

**ദയാനന്ദൻ:** അതെന്താണ്?

ഇതിനും വിശുദ്ധാനന്ദന് മറുപടിയുണ്ടായിരുന്നില്ല. അപ്പോൾ സ്വാമിജി ധർമ്മത്തിന്റെ 10 ലക്ഷണങ്ങൾ അദ്ദേഹത്തിന് പറഞ്ഞുകൊടുത്തു.

അപ്പോൾ പണ്ഡിറ്റ് ബാലശാസ്ത്രിമുന്നോട്ട് വന്ന് തനിക്ക് എല്ലാ ധർമ്മശാസ്ത്രങ്ങളും കണ്ഠസ്ഥമാണെന്നു പറഞ്ഞു. അങ്ങേക്ക് ആഗ്രഹമുണ്ടെങ്കിൽ ചോദിക്കാമെന്ന് പറഞ്ഞു. അപ്പോൾ സ്വാമിജി അദ്ദേഹത്തോട് ചോദിച്ചു. "അധർമ്മത്തിന്റെ ലക്ഷണമെന്താണ്?"


*(തുടരും)*

> **യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)**
> **ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ**

# സ്വാമി ശ്രദ്ധാനന്ദൻ

*സാധ്വി സരോജിനി സരസ്വതി*

### ശ്രദ്ധാനന്ദന്റെ സ്വഭാവശുദ്ധി



**സ**മുദായ പരിഷ്കർത്താവെന്നനിലയിൽ സ്വാമി ശ്രദ്ധാനന്ദൻ സ്വഭാവശുദ്ധിക്ക് വളരെ പ്രാധാന്യം കൊടുത്തിരുന്നു. സ്വഭാവശുദ്ധിയിലും ബ്രഹ്മചര്യത്തിലുമാണ് സമുദായത്തിന്റെയും രാഷ്ട്രത്തിന്റെയും നിലനിൽപ്പ് എന്ന് അദ്ദേഹം ദൃഢമായി വിശ്വസിച്ചിരുന്നു. അതിനാൽ ഈ രണ്ടുകാര്യങ്ങളിലും അലംഭാവം ഉണ്ടായിടത്തെല്ലാം അദ്ദേഹം അതിനെ നിശിതമായി വിമർശിച്ചിരുന്നു. അദ്ദേഹത്തിന് ആചാരശീലങ്ങളിൽ യാതൊരു വിട്ടുവീഴ്ചയും ഇല്ലായിരുന്നു. അക്കാലത്ത് നടപ്പിലിരുന്ന വിദ്യാഭ്യാസരീതിയിൽ സ്വഭാവശുദ്ധിക്കും ബ്രഹ്മചര്യത്തിനും മുൻഗണന ഇല്ലാത്തതിനാൽ അദ്ദേഹം ആർഷഗുരുകുലങ്ങൾ സ്ഥാപിക്കാൻ മുൻകയ്യെടുക്കുകയും ഒരു ആദർശആചാര്യനായി വർത്തിക്കാൻ തീരുമാനിക്കുകയും ചെയ്തു.

### ആദർശനിഷ്ഠനായ ആചാര്യൻ

മഹർഷി ദയാനന്ദനുമായി ബന്ധപ്പെട്ടപ്പോൾ മുതൽ മുൻഷിറാമിന്റെ ആന്തരികനേത്രങ്ങൾ തുറക്കപ്പെടുകയും ബ്രഹ്മചര്യത്തിന്റെ മഹിമ കൂടുതലായി അദ്ദേഹം അനുഭവിച്ചറിയുകയും ചെയ്തു. സത്യാർത്ഥപ്രകാശത്തിന്റെയും വേദഭാഷ്യത്തിന്റെയും സ്വാധീനം അതിന് സഹായിച്ചു. ഒരു പ്രാവശ്യം അദ്ദേഹം വിദ്യാർത്ഥികളെ ഉപദേശിച്ചപ്പോൾ യജ്ജുർവേദം 26-ാം അദ്ധ്യായത്തിലെ ഒരു മന്ത്രം ഉദ്ധരിച്ചു.

ഉപഹ്വരേ ഗിരീണാം സംഗമേ ച നദീനാം ധിയാവിപ്രോ അജായത (യഃ 26/15)

അതായത് പർവ്വത പ്രദേശത്തും നദീസംഗമങ്ങളിലും ഇരുന്ന് ഈശ്വരചിന്തനടത്തുകയും വിദ്യയെ ഉപാസിക്കയും ചെയ്യുന്നവൻ ഉത്തമകർമ്മങ്ങൾ ചെയ്യുന്ന ബുദ്ധിമാനായിത്തീരുന്നു.

ആധുനിക വിദ്യാഭ്യാസത്തിന്റെ പോരായ്മകൾ അദ്ദേഹം മനസ്സിലാക്കിയിരുന്നു. അദ്ദേഹം വിചാരിച്ചിരുന്നത് ദയാനന്ദ് ആംഗ്ളോ വേദിക് കോളേജുകൾ ആ പോരായ്മ നികത്തുമെന്നാണ്. അത് സംഭവിച്ചില്ല. അതിനാൽ അദ്ദേഹം സന്താനങ്ങളെ എങ്ങനെ ശ്രേഷ്ഠന്മാരാക്കാം എന്ന ലേഖനങ്ങൾക്ക് പ്രാധാന്യം കൊടുത്തിരുന്നു. ഗുരുകുലങ്ങൾ സ്ഥാപിക്കുന്നതിന് മുൻതൂക്കം കൊടുത്തു. അതിന് വേണ്ടി ധനശേഖരണം നടത്തുകയും ഗുരുകുലം നടത്തുന്നതിനായി തന്റെ വക്കീൽ പണി ഉപേക്ഷിക്കുകയും ചെയ്തു.

*(തുടരും)*

*ധർമ്മം ചര (തൈ. ഉ. 1.11.1)*
*ധർമ്മാചരണം ചെയ്യൂ !*





# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ



### വേദസ്വാദ്ധ്യായ ശിബിരം നടന്നു

**വെള്ളിനേഴി:** ആര്യസമാജത്തിന്റെ നേതൃത്വത്തിൽ പണ്ഡിറ്റ് ഋഷിറാം ആര്യോപദേശക് മഹാവിദ്യാലയത്തിൽ വെച്ച് 4 ദിവസം നീണ്ടുനിന്ന വേദസ്വാദ്ധ്യായ ശിബിരം സമാപിച്ചു. ആഗസ്റ്റ് 13 ന് അഗ്നിഹോത്രത്തോടെ ആരംഭിച്ച ശിബിരം പ്രശസ്ത സംസ്കൃത പണ്ഡിതൻ ഡോ. പി. കെ. മാധവൻ ഉദ്ഘാടനം ചെയ്തു. വേദങ്ങൾ, ദർശനങ്ങൾ, ഉപനിഷത്തുകൾ, ആര്യസമാജ സിദ്ധാന്തങ്ങൾ തുടങ്ങി വിവിധ വിഷയങ്ങളെ അധികരിച്ച് ആചാര്യ വാമദേവ്ജി, ബ്രഹ്മചാരി പരംദേവ്, ടി. ആർ. ബാലചന്ദ്രൻ, ഡോ. PMS രവീന്ദ്രനാഥ്, വി. ഗോവിന്ദദാസ്, കെ. എം. രാജൻ എന്നിവർ ക്ലാസ്സുകൾ എടുത്തു. പ്രശസ്ത വേദപണ്ഡിതൻ കോതമംഗലം വാസുദേവൻ നമ്പൂതിരി കേരളീയ രീതിയിലുള്ള വേദാലാപാനം, ജട, രഥ തുടങ്ങിയ വേദ പ്രയോഗങ്ങളെ പരിചയപ്പെടുത്തി.

## ആര്യസമാജ പ്രസിദ്ധീകരണങ്ങൾ

| | | | |
|---|---|---|---|
| (1) | **സന്ധ്യോപാസനയും അഗ്നിഹോത്രവും** | – | ₹ 60.00 |
| (2) | **വേദം – എന്ത്? എന്തിന്? എങ്ങനെ?** | – | ₹ 95.00 |
| (3) | **ആര്യോദയം** | – | ₹ 10.00 |
| (4) | **ആര്യസമാജം എന്ത്? എന്തിന്?** | – | ₹ 10.00 |
| (5) | **സത്യാർത്ഥപ്രകാശം എന്ത്? എന്തിന്?** | – | ₹ 10.00 |
| (6) | **വൈദിക നിത്യകർമ്മ വിധി** | – | ₹ 20.00 |
| (7) | **Vedas in Story form and Chaturvarnyam** | – | ₹ 35.00 |
| (8) | **Dayananda the Great** | – | ₹ 5.00 |

*(പോസ്റ്റേജ് ചിലവ് പുറമെ)*

*സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)*
*ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !*